**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം**

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ആരോഗ്യവകുപ്പിലെ പബ്ലിക്കേഷൻ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. സ. ഉ. (കൈ) നം. 95/2019/ആ.കു.വ., തീയതി : 02/07/2019
2. സർക്കുലർ നം. ആ.വ.ഡ./15336/2023-ഇഡി3, തീയതി :09/07/2024
3. സർക്കാർ കത്ത് നം. എച്ച്2/311/2024-ഹെൽത്ത്, തീയതി : 27/03/2025
4. ഉത്തരവ് നം. ആ.വ.ഡ./15336/2023-ഇഡി3, തീയതി : 23/10/2025

**ഉത്തരവ് നം. ആ.വ.ഡ./15336/2023- ഇഡി3, തീയതി: 29-10-2025**

ആരോഗ്യവകുപ്പിലെ പബ്ലിക്കേഷൻ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നടത്തുന്നതിനായി യോഗ്യതയും നിയമനരീതിയും പരിഷ്കരിച്ചുകൊണ്ട് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിലെ യോഗ്യരായ ജീവനക്കാരിൽനിന്നും അപേക്ഷ ക്ഷണിച്ച് പരാമർശം 2 പ്രകാരം സർക്കുലർ പുറപ്പെടുവിക്കുകയും അപ്രകാരം അപേക്ഷ സമർപ്പിച്ചവരിൽ പ്രസ്തുത നിയമനത്തിന് യോഗ്യത ഉണ്ട് എന്ന് ബോധ്യപ്പെട്ട ജീവനക്കാരുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ 24/10/2024 - ന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ വെച്ച് നടത്തുകയും ചെയ്തിരുന്നു. തുടർന്ന് സർക്കാരിന്റെ പരാമർശം 3-ലെ മാർഗനിർദേശത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 4 പ്രകാരം പബ്ലിക്കേഷൻ അസിസ്റ്റന്റ് തസ്തികയുടെ നിയമനം നടത്തുന്നതിനായുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു.

2. മേൽ റാങ്ക് ലിസ്റ്റിൽ, റാങ്ക് നമ്പർ 1 ആയി ഉൾപ്പെട്ടിട്ടുള്ള ചുവടെ പരാമർശിക്കുന്ന ജീവനക്കാരനെ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ പബ്ലിക്കേഷൻ അസിസ്റ്റന്റ് തസ്തികയിൽ 37400 - 79000 ശമ്പള സ്കെയിലിൽ KS&SSR Part II, Rule 28(b)(ii) - യുടെ അടിസ്ഥാനത്തിൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| **പേര്, പെൻ** | **അപേക്ഷ സമർപ്പിച്ച സമയം ജോലിചെയ്തിരുന്ന തസ്തിക** | **നിലവിൽ ജോലിചെയ്യുന്ന തസ്തികയും സ്ഥാപനവും** | **ജനന തീയതി** | **വിദ്യാഭ്യാസ യോഗ്യത** |
|---|---|---|---|---|
| ശ്രീ. വിനു എം ആർ, 186544 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, വെള്ളരിക്കുണ്ട് താലൂക്ക് ആസ്ഥാന ആശുപത്രി, പൂടംകല്ല്, രാജപുരം പി. ഒ, കള്ളാർ, കാസർഗോഡ് - 671532 | 08/05/1971 | BA Degree, Post Graduate Diploma in Communication & Journalism |

3. ശ്രീ. വിനു എം ആർ, ടി ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ആരോഗ്യവകുപ്പ് ഡയറക്ടറുടെ മുൻപാകെ റിപ്പോർട്ട് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ഇനിയൊരറിയിപ്പ് കൂടാതെ നിയമനം റദ്ദാക്കുന്നതും റാങ്ക് ലിസ്റ്റിലെ അടുത്ത ജീവനക്കാരന് നിയമനം നല്കുന്നതുമായിരിക്കും.

4. ശ്രീ. വിനു എം ആർ, ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ടിയാന്റെ പേര്, ജനന തീയതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകളും, നിലവിൽ ജോലിചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ ഉത്തരവും ഹാജരാക്കേണ്ടതാണ്. കൂടാതെ ടിയാൻ തുടർച്ചയായ 2 വർഷത്തിനുള്ളിൽ 1 വർഷത്തെ പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കേണ്ടതുമാണ്.

Signed by
Reena K J
Date: 29-10-2025 15:20:15

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:

ശ്രീ. വിനു എം ആർ, ഹെൽത്ത് ഇൻസ്‌പെക്ടർ ഗ്രേഡ് II, വെള്ളരിക്കുണ്ട് താലൂക്ക് ആസ്ഥാന ആശുപത്രി, പൂടംകല്ല്, രാജപുരം പി. ഒ, കല്ലാർ, കാസർഗോഡ് - 671532

പകർപ്പ്:
1. സി എ ടു ആരോഗ്യവകുപ്പ് ഡയറക്ടർ /സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കാസർഗോഡ്
3. സൂപ്രണ്ട്, വെള്ളരിക്കുണ്ട് താലൂക്ക് ആസ്ഥാന ആശുപത്രി, പൂടംകല്ല്
4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
5. ഫയൽ / കരുതൽ ഫയൽ.